# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T.6303** 20.11.2019-ൽ മറുപടിക്ക്

### സ്വകാര്യ മേഖലയിലെ വനിത ജീവനക്കാരുടെ പ്രസവാവധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ.വിജയൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ മേഖലയിലെ വനിത ജീവനക്കാർക്ക് ശമ്പളത്തോടെ പ്രസവാവധി നൽകുവാൻ നിയമം കൊണ്ടുവരുമോ; | (എ) 1961-ലെ മറ്റേണിറ്റി ബെനഫിറ്റ് ആക്ട് പ്രകാരം മൈനുകൾ, പ്ലാന്റേഷൻ, കടകൾ മറ്റ് വാണിജ്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന സംഘടിതവും അസംഘടിതവുമായ മേഖലകളിൽ നേരിട്ടോ ഏജൻസി മുഖേനയോ നിയമനം ലഭിച്ച എല്ലാ വനിതാ ജീവനക്കാരും ഈ നിയമത്തിന്റെ പരിധിയിൽപ്പെടുന്നു. പ്രസ്തുത നിയമത്തിലെ 2-ാം വകുപ്പ് പ്രകാരം സംസ്ഥാന ഗവൺമെന്റിന് കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഏതെങ്കിലും സ്ഥാപനങ്ങളെയോ വ്യവസായങ്ങളെയോ മറ്റേണിറ്റി ബെനഫിറ്റ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം കേരള സംസ്ഥാനത്തെ സ്വകാര്യ/അൺ എയ്ഡഡ് സ്കൂളുകളിലെ സ്ത്രീ ജീവനക്കാർക്കും മറ്റേണിറ്റി ബെനഫിറ്റ് ആക്ട് ബാധകമാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ശിപാർശ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ബി) സർക്കാർ തസ്തികയിലെ സമാന തസ്തികയിൽ ജോലി ചെയ്യുന്ന സ്വകാര്യ മേഖലയിലെ ഉദ്യോഗസ്ഥർക്ക് സമാന വേതനം നൽകുവാൻ നിയമ നിർമ്മാണം കൊണ്ടുവരുമോയെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും ഇപ്പോൾ പരിഗണനയിലില്ല. |
| (സി) ഇവർക്കായി മെഡിസെപ്പ് പോലുള്ള പദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ.